"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്

നമ്പർ.ജെ2/ 87 / 2019/ പൊ.വി.വ

24/05/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്-തസ്തികനിർണ്ണയം യഥാസമയം നടക്കാതിരുന്നതിനെ തുടർന്ന് 2016 ജൂലൈ 15 മുതൽ തസ്തിക നഷ്ടപ്പെട്ട പുറത്തുനിന്ന സംരക്ഷിതാദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പുനർ വിന്യാസം തീർപ്പുകൽപ്പിക്കപ്പെട്ട തീയതി വരെയുള്ള കാലയളവ് ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 29-12-2018-ലെ ഡിപിഐ/ 89540/2018-എച്ച്2 നമ്പർ കത്ത്.

29.1.2016ലെ സ.ഉ(പി) നമ്പർ 29/2016/പൊവിവ ഉത്തരവിലെ തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തികനഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക3(2) ലെ വ്യവസ്ഥകൾ ഉൾപ്പെടെ 05.08.2016 ലെ G.O.(P) No.134/2016/ പൊ . വി . വ . ഉത്തരവിൽ വ്യക്തമാക്കുന്ന തീതിയിൽ പുനർവിന്യസിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു.എന്നാൽ മേൽ സൂചന റിപ്പോർട്ട് പ്രകാരം നാലായിരത്തോളം പേരെ ഉത്തരവ് തീയതിയായ 05.08.2016 മുതൽ തന്നെ പുനർവിന്യസിക്കുക എന്നത് അസാധ്യമായിരുന്നുവെന്നും, ആയതിനാൽ 2 മാസത്തിൽ കൂടുതൽ കാലമെടുത്താണ് അക്കാലത്ത് പുനർവിന്യാസം പൂർത്തിയാക്കിയതതെന്നും ,പ്രസ്തുത സാഹചര്യത്തിൽ , ഡ്യൂട്ടിയായി പരിഗണിക്കുന്ന കാലയളവ് 4-8-2016- ൽ പരിമിതപ്പെടുത്താതെ 30-09-2016 വരെ ദീർഘിപ്പിക്കുന്നത് ഉചിതമായ നടപടിയായിരിക്കും എന്നും ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 15.07.2016 മുതൽ 30.9.2016 വരെയുള്ള കാലയളവുകളിൽ സംരക്ഷിതഅദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ ഉൾകൊള്ളിക്കുവാൻ തസ്തിക ഉണ്ടെന്ന് ഉറപ്പുള്ള പക്ഷം, പ്രസ്തുത തസ്തികകളിൽ ജീവനക്കാർ ഡ്യൂട്ടി നിർവഹിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതും , ഡ്യൂട്ടി നിർവഹിച്ചിട്ടില്ലാത്ത പക്ഷം അർഹതപ്പെട്ട അവധി അനുവദിച്ച് ക്രമീകരിക്കാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

A P M MOHAMMED HANISH

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

Signature Not Verified

അംഗീകാരത്തോടെ

Digitally signed by PARVATHY S A

സെക്ഷൻ ഓഫീസർ.

Date: 2021.05.27 00:30:28 PDT

Reason: Approved